STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.325/PR/SPMC/PHQ/2026 Date:31.07.2026

## പത്രക്കുറിപ്പ്

**കേരള പോലീസ് രാജ്യത്തിന്  മാതൃക: ഡി.ജി.പി നിതിൻ അഗ്രവാൾ**

കേരള പോലീസിന്റെ പ്രവർത്തനങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണെന്നും ഇവിടെ നിന്ന് ലഭിച്ച ശിക്ഷണം ഔദ്യോഗിക ജീവിതത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ ഏറെ സഹായിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സർവ്വീസിൽ നിന്ന് വിരമിക്കുന്ന വേളയിൽ കേരള പോലീസിന്റെ വിവിധ സേനാംഗങ്ങൾ പേരൂർക്കട എസ്.എ.പി ഗ്രൗണ്ടിൽ  നൽകിയ വിടവാങ്ങൽ പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിലവിൽ ഫയർ ആൻറ് റെസ്ക്യു സർവീസിൽ ഡയറക്ടർ ജനറൽ ആയ അദ്ദേഹം 1989 ബാച്ച് ഐ.പി.എസ് ഉദ്യോഗസ്ഥനാണ്. സ്തുത്യർഹ സേവനത്തിനുള്ള  ഇന്ത്യൻ പോലീസ് മെഡൽ (2007), വിശിഷ്ട സേവനത്തിനുള്ള ഇന്ത്യൻ പ്രസിഡൻറിൻെറ പോലീസ് മെഡൽ

(2014), വിവിധ സായുധസേനകളിൽ നിന്നും ഗോൾഡ് മെഡലുകൾ, പ്രശംസാപത്രങ്ങൾ ഉൾപ്പടെ നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.

സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ഡി.ജി.പിയും റോഡ് സേഫ്റ്റി കമ്മീഷണറുമായ യോഗേഷ് ഗുപ്ത, ഡി.ജി.പിയും വിജിലൻസ് ഡയറക്ടറുമായ മനോജ് എബ്രഹാം, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************